3998
3/6/16

# കേരള സർക്കാർ

## സംഗ്രഹം

സാമൂഹ്യ നീതി വകുപ്പ് - നിർഭയ സെൽ - പ്രസവാവധിയിൽ പോകുന്ന നിർഭയ ഷെൽട്ടർ ഹോം പ്രവർത്തകർക്ക് വേതനം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## സാമൂഹ്യ നീതി (ബി) വകുപ്പ്

സ.ഉ.(സാധാ) നം. 269/2016/സാ.നീ.വ — തീയതി, തിരുവനന്തപുരം, 01.06.2016.

പരാമർശം : 1. സ.ഉ.(സാധാ) നം.508/2015/സാ.നീ.വ, തീയതി 06.08.2015.
2. സാമൂഹ്യ നീതി ഡയറക്ടറുടെ 04.03.2016-ലെ എൻ/212/15 നമ്പർ കത്ത്.

## ഉത്തരവ്

ലൈംഗികാതിക്രമങ്ങൾക്കിരയാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനായി നിർഭയ സെല്ലിന്റെ കീഴിൽ പ്രവർത്തിക്കുന്ന നിർഭയ ഷെൽട്ടർ ഹോമുകൾ സന്നദ്ധ സംഘടനകളുടെ മേൽനോട്ടത്തിലാണ് നടത്തി വരുന്നത്. പരാമർശത്തിലെ സർക്കാർ ഉത്തരവിൻ പ്രകാരം 11 വനിതകൾ അടങ്ങുന്ന സ്റ്റാഫ് പാറ്റേണാണ് ടി ഹോമുകളിൽ ഉള്ളത്. കോൺട്രാക്ട് അടിസ്ഥാനത്തിൽ സന്നദ്ധ സംഘടനകളാണ് ഇവരെ നിയമിക്കുന്നത്. ഇവരുടെ ശമ്പളം ഉൾപ്പെടെ ഹോമിന്റെ പ്രവർത്തനങ്ങൾക്കുള്ള എല്ലാ ചെലവുകളും വഹിക്കുന്നത് സാമൂഹ്യ നീതി വകുപ്പാണ്. മുഴുവൻ സമയ പ്രവർത്തകർ ആയതുകൊണ്ടും സ്ത്രീകളായതുകൊണ്ടും ഇവർക്ക് പ്രസവാവധിയ്ക്ക് അർഹതയുണ്ടെന്നും നിർഭയ ഷെൽട്ടർ ഹോമിന്റെ പ്രത്യേകതകൾ കാരണം പ്രസവാവധിമൂലം വരുന്ന ഒഴിവിൽ താൽക്കാലികമായി പ്രവർത്തകരെ നിയമിക്കേണ്ടത് അനിവാര്യമാണെന്നും ഇത്തരത്തിൽ താൽക്കാലികമായി നിയമിക്കപ്പെടുന്നവർക്കും പ്രസവാവധിയിൽ പോകുന്നവർക്കും ശമ്പളം അനുവദിക്കണമെന്നാവശ്യപ്പെട്ട് നിർഭയ ഷെൽട്ടർ ഹോം നടത്തുന്ന സന്നദ്ധ സംഘടനകൾ അപേക്ഷകൾ നൽകിയിട്ടുണ്ടെന്നും നിർഭയ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ 10-ാമത് മീറ്റിംഗിൽ ഇക്കാര്യം അംഗീകരിച്ചിട്ടുണ്ടെന്നും ആയതിനാൽ നിർഭയ ഷെൽട്ടർ ഹോമുകളിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന സ്റ്റാഫുകൾക്ക് താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രസവാവധി അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശത്തിലെ കത്ത് പ്രകാരം സാമൂഹ്യനീതി ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

1. കുറഞ്ഞത് ഒരു വർഷമെങ്കിലും ഷെൽട്ടർ ഹോമിൽ ജോലി നോക്കിയിട്ടുള്ളവർക്ക് മാത്രമേ 90 ദിവസത്തെ വേതനത്തോടുകൂടിയ പ്രസവാവധിയ്ക്ക് അർഹതയുണ്ടാകൂ.
2. പ്രസവാവധിയിൽ പ്രവേശിക്കുന്ന സ്റ്റാഫിന്റെ വിവരം നിർഭയ സെല്ലിനെ അതാത് മാസം തന്നെ അറിയിക്കേണ്ടതാണ്.

3. പ്രസവാവധിയ്ക്ക് ശേഷം തുടർന്നും കുറഞ്ഞത് ഒരു വർഷം കാലയളവിലേയ്ക്ക് കരാറടിസ്ഥാനത്തിൽ ജോലിയിൽ തുടരുമെന്ന് ഒരു ബോണ്ട്, പ്രസവാവധിയിൽ പ്രവേശിക്കുന്നതിന് മുമ്പ് ടി വ്യക്തി നൽകേണ്ടതാണ്.

4. ടി ബോണ്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള കാലയളവിലേയ്ക്ക് ടി വ്യക്തി ജോലിയിൽ തുടരുന്നില്ലായെങ്കിൽ പ്രസവാവധി കാലയളവിൽ സർക്കാർ നൽകിയ വേതനവും, ബോണ്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള വേതനവും ചേർത്ത് തിരികെ നൽകാൻ ബാധ്യസ്ഥയാകുന്നതാണ്. ഈ തുക നേരിട്ടോ അവരുടെ സ്ഥാവര ജംഗമ വസ്തുക്കളിൽ നിന്നോ ഈടാക്കാവുന്നതാണ്.

5. പ്രസവാവധി കാലയളവിൽ (90 ദിവസം), അനിവാര്യമെങ്കിൽ മാത്രം യോഗ്യതയുള്ള മറ്റൊരാളെ ആ തസ്തികയിൽ, നിർഭയ സെല്ലിന്റെ മുൻകൂർ അനുവാദത്തോടെ ഷെൽട്ടർ ഹോം മേധാവിക്ക് നിയമാനുസരണം നിയമിക്കാവുന്നതാണ്. ഇങ്ങനെ നിയമിക്കുന്ന വ്യക്തിക്ക് സർക്കാർ ഈ തസ്തികയ്ക്ക് നിജപ്പെടുത്തിയിട്ടുള്ള വേതനം നൽകാവുന്നതാണ്.

6. പ്രസവാവധിയിൽ പുതിയതായി നിയമിക്കുന്ന വ്യക്തിയെ 90 ദിവസത്തിനുള്ളിൽ പിരിച്ചു വിടേണ്ടതാണ്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിർഭയ സെല്ലിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഷെൽട്ടർ ഹോമുകളിൽ കരാറടിസ്ഥാനത്തിൽ ജോലി നോക്കുന്ന സ്റ്റാഫുകൾക്ക് മേൽപ്പറഞ്ഞ നിബന്ധനകൾക്ക് വിധേയമായി പ്രസവാവധി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ലീലാമണി.കെ.എം**
**അഡീഷണൽ സെക്രട്ടറി**

സാമൂഹ്യ നീതി ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ ( എ & ഇ ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി സെൽ) തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (20.05.2016 ലെ WW1/67/2016-FIN പ്രകാരം)
വെബ് & ന്യൂമീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ